# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിയൊന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചന്റെ അടുക്കൽ വളരെ അപ്രതീക്ഷിതമായിട്ടായിരുന്നു ദേവയാനി കടന്നു വന്നത്. അച്ചൻ ബോംബെയിലായിരിക്കുമ്പോഴാണ് സംഭവം നടക്കുന്നത്. ദേവയാനി ഒരു ഹിന്ദു സ്ത്രീയാണ്. 1961 കാലഘട്ടത്തിലാണ് ഈ സംഭവം നടക്കുന്നത്.

## ഒരു പരാജയ ജീവിതം

ദേവയാനിയും മുകേഷും വളരെ അടുത്തടുത്ത വീടുകളിൽ എന്നു പറഞ്ഞാൽ തൊട്ടടുത്ത വീടുകളിൽ താമസിക്കുന്നവരാണ്. രണ്ട് ഹിന്ദു കുടുംബങ്ങൾ. ദേവയാനിയുടേത് വളരെയധികം ദാരിദ്ര്യമനുഭവിക്കുന്ന ഒരു കുടുംബമായിരുന്നു. തമ്മിൽ ഭേദം തൊമ്മൻ എന്നു പറഞ്ഞതുപോലത്ത അവസ്ഥയിലായിരുന്നു മുകേഷിന്റേത്. ഇവർ തമ്മിൽ ഒരു വയസിന് പ്രായ വ്യത്യാസവുമുണ്ട്. എന്നാലും രണ്ടു പേരും ചെറുപ്പം മുതൽ ഒന്നിച്ചായിരുന്നു സ്‌ക്കൂളിൽ പൊയ്ക്കൊണ്ടിരുന്നത്. അവളെക്കാളും ഒരു ക്ലാസ് മുകളിലായിരുന്നു അവന്റേത്.

ദേവയാനി കണ്ടാൽ നല്ല വെളുത്ത നിറവും സ്ഥൂലിച്ച ശരീരപ്രകൃതിയുമെല്ലാമായി സുന്ദരി തന്നെ. ആരും അവളെ കണ്ടാൽ അറിയാതെ ഒന്നു കൂടെ നോക്കി പോകും. വാലിട്ടെഴുതിയ കണ്ണും, കുണുങ്ങിയുള്ള നടപ്പും, മണി കിലുങ്ങുന്നതുപോലെയുള്ള ചിരിയുമെല്ലാമായി അവൾ വളരെ ആകഷ്ണനീയതയുള്ളവളായിരുന്നു.

മുകേഷ് ഹൈസ്‌ക്കൂൾ പാസായ് കഴിഞ്ഞപ്പോൾ ഉടനെ തന്നെ ബോംബെക്കു വണ്ടി കയറി. ഒളിച്ചോടിപ്പോയി എന്നതാണ് സത്യം. ഇവർ തമ്മിലുള്ള സ്നേഹബന്ധം രണ്ടു വീട്ടുകാരുമറിഞ്ഞു. രണ്ടു വീട്ടുകാക്കും എതിപ്പായി. തന്മൂലം പിന്നീടവന് നാട്ടിൽ നിൽക്കാൻ വയ്യാത്ത അവസ്ഥയായി. തൊട്ടും മുട്ടിയും പാടുള്ളതും പാടില്ലാത്തതുമായ എല്ലാ വിധത്തിലും അവർ തമ്മിൽ അത്രയധികം അടുത്തു പോയി. അവളെ പിരിഞ്ഞു പോകാൻ അവനിഷ്ടമല്ലായിരുന്നു.

മുകേഷ് ബോംബെ ചെന്നപ്പോൾ മുതൽ അവൾക്ക് കത്തുകൾ അയച്ചു. ദേവയാനിയുടെ കൂട്ടുകാരി ഉമാദേവി ആ കത്തുകളെല്ലാം ദേവയാനിയെ ഏല്പിച്ചു. അങ്ങിനെ ദേവയാനിയും ഹൈസ്‌ക്കൂൾ പാസായി കഴിഞ്ഞപ്പോൾ എങ്ങിനെയെങ്കിലും അവന്റെയടുക്കൽ ചെന്നെത്താൻ കാത്തിരുന്നു അപ്പോഴേക്കും മുകേഷ് അവിടെ ഒരു മുറി വാടകയ്ക്കെടുത്തു. അതുവെരെ അവൻ അവന്റെ ഒരു കൂട്ടുകാരൻ താമസിച്ചിരുന്നതിന്റെ കൂടെയായിരുന്നു താമസിച്ചത്. അവൻ അവിടെ ചെന്നപ്പോൾ മുതൽ ഒരു ചെറിയ കമ്പിനിയിൽ ജോലി ചെയ്തു വരികയായിരുന്നു. അവർ കൂട്ടുകാരെല്ലാവരുമായി ഏകദേശം പത്തു പേർ ഒന്നിച്ചായിരുന്നു താമസം.

ആ കാലഘട്ടങ്ങളിൽ ബോംബെയിൽ ആളുകൾ താമസിക്കുന്നത് നിരവധി കുടുംബങ്ങൾ ഒരു മുറിയിൽ ഒന്നിച്ചായിരുന്നു. ഒരു മുറി കിട്ടണമെങ്കിൽ തന്നെ വലിയ ഒരു തുക പകിട കൊടുത്താൽ മാത്രമേ കിട്ടിയിരുന്നുള്ളു. കൂടാതെ മാസം തോറും നല്ല ഒരുതുക വാടകയും കൊടുക്കണം. സാധാരണ ഒരു കമ്പിനിയിൽ ജോലി ചെയ്യുന്ന ഒരാൾക്ക് ഈ വാടക കൊടുത്തു കഴിഞ്ഞാൽ പിന്നെ മിച്ചമൊന്നും കാണത്തില്ലായിരിക്കും. അങ്ങിനെയുള്ളപ്പോൾ പിന്നെ കഴിയണമെങ്കിൽ ഓവർ ടൈം ജോലി ചെയ്യണം. അതായത് അതിരാവിലെ പോയാൽ വളരെ വൈകി മാത്രമേ വീട്ടിൽ ചെന്നു ചേരാൻ സാധിക്കത്തുള്ളു.

അതിരാവിലെ ജോലിക്കു പോകുന്ന മുകേഷും എല്ലാ ദിവസവും വളരെ വൈകി മാത്രമായിരുന്നു മടങ്ങിയെത്തിയിരുന്നത്. മിക്കവാറും ദിവസങ്ങളിൽ അയാൾ വീട്ടിൽ വരുന്ന വഴി കടയിൽ കയറി വേണ്ട പല സാധനങ്ങളും വാങ്ങിയായിരുന്നു വന്നിരുന്നത്. അവളെസ യാതൊരു കാരണവശാലും തനിയെ താമസസ്ഥലത്തിനു വെളിയിലേക്കയാൾ വിട്ടിരുന്നില്ല. സുന്ദരിയായ അവളെ തനിയെ ഈ ബോംബെ പട്ടണത്തിൽ വെളിയിൽ എവിടെയെങ്കിലും വിട്ടാൽ അത് അപകടമെന്നായിരുന്നു അയാളുടെ ചിന്താഗതിയും.

സുന്ദരിയായ ഒരു സ്ത്രീ കൂടെയുള്ളതു കാരണം മറ്റു യാതൊരു കൂട്ടുകെട്ടിനും അയാൾ തയാറല്ലായിരുന്നു. ചുരുക്കി പറഞ്ഞാൽ അവർ രണ്ടു പേരു മാത്രമുള്ള ഒരു ലോകത്തിലായിരുന്നു അവരുടെ ജീവിതം. അയാൾ അതിരാവിലെ ജോലിക്കു പോകുമ്പോൾ താമസസ്ഥലം വെളിയിൽ നിന്നും പൂടിയിട്ടു പോകും. മടങ്ങി വരുമ്പോൾ അയാൾക്കു മാത്രമേ കതകു തുറക്കുവാൻ സാധിക്കുയുണ്ടായിരുന്നുള്ളു. യാതൊരു കാരണവശാലും അവൾക്ക് ആ മുറിവിട്ട് പുറത്തു പോകേണ്ടതില്ലായിരുന്നു. കുളിമുറിയും കക്കൂസും എല്ലാം ആ കൊച്ചുമുറിയിൽ തന്നെ ഉണ്ടായിരുന്നു. കൂടാതെ അവൾക്ക് നേരം പോകാനായി കണ്ടു കൊണ്ടിരിക്കാനായി ഒരു ചെറിയ ടെലിവിഷനും വാങ്ങി വെച്ചിട്ടുണ്ടായിരുന്നു. വായനയിൽ കമ്പമുണ്ടായിരുന്ന അവൾക്ക് വായിക്കാനായി മാസികകളും മറ്റും അയാൾ വാങ്ങി വെച്ചിട്ടുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ഈ ജീവിതത്തോട് അവൾക്ക് തീരെ ഇഷ്ടമല്ലായിരുന്നു. പിന്നീടവൾ അതുമായി പരിചയിച്ചു. എല്ലാ ദിവസവും അയാൾ വിശ്രമരഹിതനായി ജോലി ചെയ്തിരുന്നെങ്കിലും ചില ഞായർ ദിവസങ്ങളിൽ അവൾക്കു വേണ്ടി ജോലി ചെയ്യാതെ അവളേയും കൂട്ടി അന്ന് സിനിമയ്ക്കു പോകുകയും വെളിയിൽ നിന്ന് ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു.

അവർ താമസിക്കുന്ന മുറിയിൽ ഒരു മണ്ണെണ്ണ സ്റ്റൗവും ടെലിവിഷനുമല്ലാതെ വേറെ യാതൊരു സാധനങ്ങളും ഇല്ലായിരുന്നു. ആഗ്രഹമില്ലാഞ്ഞിട്ടല്ല; അതിനെല്ലാം കൂടി പണം തികയത്തില്ലായിരുന്നു. അവർ ഒരു പായ് വിരിച്ച് അതിൽ കിടക്കും. തറയിൽ ഒന്നു രണ്ടു തടി കഷണങ്ങൾ അയാളുടെ ജോലിസ്ഥലത്തു നിന്നും കൊണ്ടുവന്നതിൽ ഇരിക്കും. ആ സ്ഥലം വാടകയ്ക്ക് എടുക്കാൻ നേരം പകിടി കൊടുക്കാനായി വാങ്ങിയ തുകയുടെ പലിശയടക്കം മാർവാടിക്ക് മാസം തോറും കൊടുക്കാനുണ്ട്; കൂടാതെ വാടകയും. കഴിഞ്ഞുള്ള തുകകൊണ്ടു വേണം ആ കൊച്ചു ജീവിതം ഭംഗിയായി നടക്കേണ്ടിയിരുന്നത്. പലപ്പോഴും അവളും കൂടെ ജോലി ചെയ്യാമെന്നവൾ പറഞ്ഞിട്ടുണ്ടെങ്കിലും അയാൾ അതിനൊന്നിനും സമ്മതിച്ചിരുന്നില്ല.

നീണ്ട ഇരുപത്തിഴേയു വഷം അവർ ഒന്നിച്ചു ജീവിച്ചെങ്കിലും അവക്ക് ഒരു കുഞ്ഞു പോലും ജനിച്ചില്ല. ആദ്യകാലങ്ങളിൽ വേണ്ടായെന്നായിരുന്നു. പിന്നീട് വേണമെന്നാഗ്രഹിച്ചിട്ടും ഫലമില്ലാതെ പോയി. അയാളുടെ വിശ്രമരഹിതമായ ജീവിതം കൊണ്ടായിരിക്കാം, അവസാനം അയാൾ ക്യാൻസർ രോഗബാധിതനായി മരിച്ചു. കയ്യിൽ കാൽ നയാപൈസ പോലുമില്ലാതെ വേറെയൊരു സഹായത്തിനാരുമില്ലാത്ത അവസ്ഥയിൽ, ഒരു സഹായത്തിനായിട്ടായിരുന്നു അവൾ അച്ചന്റടുക്കൽ എത്തിയത്. കഥകളിൽ, നോവലുകളിൽ പള്ളീലെ അച്ചന്മാർ നാനാ ജാതിമതസ്ഥരെയും സഹായിക്കുന്നവരാണെന്നവൾ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു.